# ഒരു കത്ത്

അഥവാ

## രശ്മിയുടെ പശ്ചാത്താപം

---

വള്ളത്തോൾ.

Digitized By Kerala Sahitya Akademi

# ഒരു കത്ത്.

അഥവാ

## ഋഷിയുടെ പശ്ചാത്താപം.

—— :*: ——

ഗ്രന്ഥകർത്താ:

വള്ളത്തോൾ

—— :*: ——

[ആറാം പതിപ്പ് കോപ്പി ൨൦൦൦]

മംഗളോദയം പ്രസ്സ്

തൃശ്ശിവപേരൂർ

1106

[വില ൪_ണ

പകർപ്പവകാശം ഗ്രന്ഥകർത്താവിന്ന്:

Digitized By Kerala Sahitya Akademi

# ഒരു കത്ത്

അഥവാ

## രുക്മിയുടെ പശ്ചാത്താപം.

—:*:—

൧

തിരു'ഭോജകട'ത്തിലാത്തനായ്
മരുവും രുക്മി വിദൎഭനന്ദനൻ,
പുരുഷോത്തമപത്നി സോദരി-
യ്ക്കൊരു കത്തേവമയച്ചിതേകദാ:—

൨

"പ്രിയസോദരി,—നിന്നെയേവമൻ-
പിയലുംമട്ടു വിളിപ്പതിന്നു ഞാൻ
ക്രിയമൂലമനൎഹനാകിലും,
ദയചെയ്കീസ്സഹജന്റെ പേരിൽ നീ!

൩

ഭുവനൈകസവിത്രിയാകുമാ-
ശ്ശിവതൻ സൽകൃപകൊണ്ടു, സാമ്പ്രതം
തവ ബന്ധുജനത്തിനൊക്കയും,
ഭവതിക്കും, സതി, സൌഖ്യമല്ലയോ?

Digitized By Kerala Sahitya Akademi

൪

മഹിളാനികഷോപലങ്ങളാം
ഗൃഹിണീമാതൃവധൂപദങ്ങളെ
മഹിതസ്ഥിതിയിൽബ്ഭരിച്ചുകൊ,-
ണ്ടഹിതാഭാവമൊടങ്ങി വാഴ്‌വു നീ?

൫

പൃഥിവീരസുതപ്പിറപ്പിനാൽ-
ക്കുതുകം മർത്ത്യകുലത്തിനേകി, നീ
അതുലോത്സവമാസ്വദിക്കയാ-
ണിതുനാളെ,ന്നിഹ വിശ്വസിപ്പു ഞാൻ.

൬

ഒരുമട്ടു സുഖം നമുക്കുമെ-
ന്നൊരു സാധാരണവാക്കുരച്ചിടാം;
കരുണാവതി,വാസ്തവത്തിലീ,-
യൊരു പേർതന്നെ മറന്നിരിപ്പു ഞാൻ!

൭

ഇരുൾക്കതിവിരുദ്ധവൃത്തിയിൽ-
പ്പെരുമാറാത്ത നിനക്കു, പണ്ടു, ഞാൻ
പെരുതപ്രിയമാചരിച്ചതോ-
ർത്തുരുകുന്നു മമ ചിത്തമെപ്പൊഴും.

Digitized By Kerala Sahitya Akademi

൮

'പശുപാല'നിൽനിന്നു നിന്മനാം
'ശിശുപാല'ങ്കലണച്ചുവെയ്ക്കുവാൻ
അശുഭോക്തികളെത്ര ചൊല്ലി, ഹാ,
പിശുനൻ നിന്റെ മുഖത്തു നോക്കി ഞാൻ!

൯

പടുകോമളമായ്, വിടർന്ന പൂ-
വൊടു നേരാകിയ നിന്മുഖത്തഹോ
കടുഭീഷണഭാഷണങ്ങളാൽ-
ച്ചുടുകണ്ണീർക്കണമെത്ര വീഴ്ത്തി ഞാൻ!

൧൦

പലതും പരുഷങ്ങൾ ഞാൻ രുഷാ
പ്രലപിച്ചീടിലു,മപ്പൊഴൊക്കെയും,
കുലകന്യകതൻ വിനീതമാം
നിലയിൽത്തന്നെയുറച്ചുനിന്നു നീ!

൧൧

വളവേറിയ ദുർവ്വചസ്സു ഞാൻ
വളരെച്ചൊൽകിലു,മന്നൊരിക്കലും,
കളഭാഷിണി, നിന്മുഖത്തുനി-
ന്നുളവായീല, മറുത്തൊരക്ഷരം.

Digitized By Kerala Sahitya Akademi

൧൨

ക്ഷമ, താഴ്മ, വിവേകമാദിയാസ്-
സ്സമത്തേ, നിങ്കലെഴും ഗുണങ്ങളിൽ
കിമപി പ്രയുതാംശമെങ്കിലും
മമ തന്നില ജഗൽപിതാവഹോ!

൧൩

പഴുതേ പഴി ഞാൻ പുലമ്പിടും-
പൊഴുതാ,സ്സൌമ്യമുഖം കുനിച്ചു, നീ
തൊഴുകയ്യോടു നിന്നു നില്പതോ-
ത്തൊഴുകുന്നു മമ ചുടു കണ്ണുനീർ.

൧൪

വരണോചിതമാം വയസ്സിൽ നീ
ചരണം വെച്ച ദിനംമുതല്ക്കുതാൻ,
ദുരദൃഷ്ടവശാലഹോ! സുഹൃൽ-
പരതന്ത്രൻ തവ വൈരിയായി ഞാൻ.

൧൫

ദിവസംപ്രതി ശൈശവത്തിലു-
ത്സവമിങ്ങേററിയ നിന്നെ,യെപ്പൊഴും,
തവ താതനിലേറെയാമനി-
ച്ചവനാണീ പ്രണയാർദ്രനഗ്രജൻ.

Digitized By Kerala Sahitya Akademi

൧൩

മകളഗ്രജനെപ്പിരിഞ്ഞു, ത-
ന്നികടേ ചെൽക ചുരുക്കമാകയാൽ,
അകളങ്കി പിതാവസൂയയാ-
ന്ന,കമേ തേടിയിരിക്കുമെന്റെമേൽ!

൧൪

കുളിർപ്പുഞ്ചിരി തൂകിയും മുഖ-
ത്ത,ളിമട്ടാമളകങ്ങൾ ചിന്നിയും
കളിയാടിവിയർത്ത നിന്നിളം-
തളിർമെയ്യിപ്പൊഴുമോർപ്പതുണ്ടു ഞാൻ.

൧൫

തളയും വളയും കിലുങ്ങുമാ-
റിളയിൽപ്പിച്ചനടന്നു, പൈതൽ നീ
വിളയാടുവതുണ്ടി,വന്റെയുൾ-
ക്കളമാം കണ്ണിനു മുമ്പിലിപ്പൊഴും.

൧൬

തെളിമുത്തെതിർദന്തമണ്ഡലം
വെളിവാം പാഴ്ച്ചിരിയും കുരച്ചിലും,
കിളിനേർമൊഴിയും കലമ്പി നിൻ-
നളിനാസ്യം ഹൃദി ഞാൻ മറക്കുമോ?

Digitized By Kerala Sahitya Akademi

൨൮

സ്ഥിരപൌരുഷശാലി, 'ചേദി'ഭൂ-
വരനദ്ദേഹമനിന്ദിതാന്വയൻ;
നിരസിക്കുവതെങ്ങി,വണ്ണമാം
വരനെക്കന്യകതന്റെ കൂറുകാർ?

൨൯

'ഒരു സോദരിയുള്ളതിന്റെ ക-
യ്യൊരു 'ചെങ്കോലു'പിടിച്ച കയ്യുമായ്
ഒരുമിപ്പതിനുദ്യമിപ്പതീ-
പ്പുരുഷന്മാരുടെ ധർമ്മമല്ലയോ?

൩൦

പരിവേറിയ ചേദിനാട്ടിനീ-
ശ്വരിയെന്നുള്ള പദം ത്യജിക്കയാൽ
ശരിയാമനുരാഗമെന്നതിൻ
പരിമാണത്തെ വെളിപ്പെടുത്തി നീ.

൩൧

സതിതന്നനുരാഗ,മേതു വൻ-
പ്രതിബന്ധങ്ങളെയും കടന്നുപോം
ക്ഷിതി വിട്ടൊടുവിൽജ്ജയിക്കുമെ-
ന്നതിനീ നിൻചരിതം നിദർശനം.

Digitized By Kerala Sahitya Akademi

൩൨

ഭവദീയവിവാഹകാലമേ-
തി?-വനിച്ചേൽവെറു കലേശങ്ങളുമന്ന്?
ശിവനേ, വിഷയൈകസക്തിയാൽ
ദിവസപ്പോക്കറിയുന്നതില്ല നാം!

൩൩

കലനാദിനി, കേവലം വധൂ-
നില വിട്ടിപ്പൊഴൊരമ്മയായി നീ,
പല പൂരുഷലക്ഷണങ്ങളാൽ
വിലസും നിൻസുതനും ഗൃഹനാഥനായ്.

൩൪

ഗതമായ് പൊട്ടനാളിതെങ്കിലും,
നിതരാം നൂതനമായ്ജ്ജ്വലിപ്പു ഹേ
സ്വതരു, തായി മുഷ്ക്കകൊട്ടലാൽ-
ക്ഷതമായോരനുതാപസങ്കടം.

൩൫

പരമുണ്ടു സമൃദ്ധിയെങ്കിലും,
കരളിൽശ്ശല്യമിതേററിരിക്കയാൽ
നരകാഭമെനിക്കു പാരിടം;
ഭരമായ്ത്തീർന്നിതു ജീവധാരണം.

Digitized By Kerala Sahitya Akademi

൩൬

ക്ഷതബാന്ധവനായ്; സപത്നാ-
ച്യുതനായ്; ഞാൻ പ്രജകൾക്കു ഹാസ്യനായ്;
ബത, നിന്നെയുപദ്രവിച്ചതിൻ
മിതമാകും ഫലമാണിതൊക്കെയും!

൩൭

മനതാരെരിയും പ്രകാരമി-
ജ്ജനമേറെപ്പിഴ ചെയ്തിരിക്കിലും,
തനതഗ്രജനെന്നു മാത്രമോ-
ർത്തു, നല്ലേ, മാപ്പിവനേകിടേണമേ!

൩൮

അഥവാ, പറയേണ്ടതില്ലിതെ;-ൻ
കഥ തീർപ്പാൻ തുനിയുന്ന കാന്തനെ,
വ്യഥ പൂണ്ടു തടുത്തു സോദര-
പ്രഥമാനപ്രിയമന്നു കാട്ടി നീ.

൩൯

നൃപപുംഗവപുത്രി, ചിത്രമെ-
ന്തപരാധം മമ നീ പൊറുത്തതിൽ?
അപകാരപരന്റെ പേരിലും
കൃപ ചെയ്യുന്നതു സജ്ജനവ്രതം.

Digitized By Kerala Sahitya Akademi

൪൦

ആശയവില്ല മമാർത്തികൾക്കഹോ!
ദയയാലെൻ പിഴ നീ മറക്കിലും:
സ്വയമോർത്തുപശാന്തി ചെയ്യില്ല,
നിയതം പാതകി നിർവൃതിപ്പെടൂ.

൪൧

തരുണീദശയെ പ്രപന്നയായ്
മരുവും മൽസുതയെ ത്വദന്തികേ
ഉരുപായനമായിവെയ്ക്കുവാൻ
കരുതുന്നേൻ കലുഷക്ഷയെച്ഛി ഞാൻ.

൪൨

തവ പൊന്നുമകന്നുവേണ്ടി, നീ-
യിവളെസ്സാധ്വി, പരിഗ്രഹിയ്ക്കിലേ
മദഗ്രജനാശ്വസിയ്ക്കുവാ-
നവകാശം ചെറുതിങ്ങു കൈവരൂ.

൪൩

പരുഷോദ്ധതരായ്പ്പരാക്രമം
പെരുകും ദാനവർതൻശിരസ്സുകൾ,
വിരുതേറിയ ബാലനാമെവ-
നരുമപ്പുള്ളുകളായ്ച്ചമഞ്ഞുവോ;

Digitized By Kerala Sahitya Akademi

൪൪

പരശംബരകണ്ഠശോണിതോൽ-
ക്കരകാശ്മീരമണിഞ്ഞു മേനിയിൽ
വരഭൂഭൃത്സ്വയമദ്വിതീയനായ്
വരണം ചെയ്തിതു വീരലക്ഷ്മിയെ;

൪൫

പെരുത്തുന്നതമാക്കി മന്നിലേ-
ത്തൊരുവൻ കൃഷ്ണകുലത്തെ നന്മയാൽ;
ഗുരുവീര്യനെവൻ ഹലായുധ-
ന്നൊരു രണ്ടാം മദമായിരിപ്പിതോ;

൪൬

ഉലകിന്നൊരു നീലചന്ദ്രനായ്
വിലസുന്നോരു വിശിഷ്ടരൂപനെ,
അലർബാണനവാവതാരമായ്-
പ്പലരും വാഴ്ത്തിവരുന്നു കാണികൾ;

൪൭

സമരോദ്ധൃതകർമ്മലഭ്യമായ്,
സ്മൃതി, ക്ഷത്രിയമാർ കൊതിപ്പതായ്
അമരോന്നതമായ വീരസൂ-
പദ,മാമാലധിരൂഢയായി നീ;

Digitized By Kerala Sahitya Akademi

൪൮

അവനെൻപ്രിയഭാഗിനേയനെ-
ന്നവലേപം ഹൃദി വാച്ചിടുന്നു മേ!
അവനിൽ പ്രതിപത്തി തോന്നിടാ-
ത്തവളല്ലെന്റെ വിനീതയാം മകൾ.

൪൯

ഒരു വീരനു യോഗ്യയല്ല നിൻ-
ഗ്ഗുരുസോദര്യകുമാരിയെങ്കിലോ,
കുറതില്ലി,വളാൽ ഗൃഹാശ്രമം
ഗുരുവാക്കാൻ മമ വത്സകന്നു ഞാൻ.

൫൦

ദിവസംപ്രതി മാം വരിപ്പതു-
ണ്ടിവളെബ്ബന്ധുജനങ്ങളിൽച്ചിലർ;
അവരോടു മറുത്തുചൊൽക വ-
യ്യിവനൊന്നങ്ങറിവുള്ളതല്ലയോ!

൫൧

ഹിതമിങ്ങിതു താൻ: സ്വയംവരാ-
ഗതനായ്, നിന്നെ മുരാരിപോലവെ,
ചിതമോടു ഹരിച്ചിടട്ടെ നിൻ
സുതനീ 'രുക്മവതീ'കുമാരിയെ.

Digitized By Kerala Sahitya Akademi

൬൨

ഇതാണു സുഹൃദ്വിശ്ലേഷരപേക്ഷ, വിസ്മരി-
ച്ചതാകിലിക്കത്തതിദീർഘമായ്‌വരും
ക്കതാലെനണ്ടാമനതാപവാപ്തിനെ-
ച്ചതാല്പമോർത്താൽ മതി, ബുദ്ധിയുള്ള നീ!

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi